അഡീഷണൽ നിയമ സെക്രട്ടറിമാർ 12 പേരും ജോയിന്റ് സെക്രട്ടറിമാർ 8 പേരും ഡെപ്യൂട്ടി സെക്രട്ടറിമാർ 8 പേരും അണ്ടർ സെക്രട്ടറിമാർ 2 പേരും സെക്രട്ടേറിയറ്റിന് പുറത്ത് ഡെപ്യൂട്ടേഷനിൽ ജോലി നോക്കിവരുന്നു. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേക്ക് 32 പേരെ പ്രൊമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിൽ ആകെ 1146 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ അണ്ടർ സെക്രട്ടറിയും അതിനു മുകളിലുള്ള തസ്തികകളിലുമായി 230 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും 107 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 80 പേർ ധനകാര്യ വകുപ്പിലെ ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ള തസ്തകകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേക്ക് 103 പേരെ പ്രൊമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്.

(ഡി) ധനകാര്യ വകുപ്പിലും പൊതുഭരണ വകുപ്പിലും നിയമ വകുപ്പിലും ഡെപ്യൂട്ടേഷനിൽ പോകുന്നവരുടെ ഒഴിവിലേക്ക് പ്രൊമോഷൻ നല്കുന്ന കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ യാതൊരു തടസ്സവും ഉന്നയിച്ചിട്ടില്ല.

അസിസ്റ്റന്റ് ഗ്രേഡ് തസ്തികയ്ക്ക് മെയിൻ പരീക്ഷ പുനഃസ്ഥാപിക്കൽ

52 (22) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ്, കേരള സെക്രട്ടേറിയറ്റ്/പി.എസ്.സി/ലോക്കൽ ഫണ്ട് പരീക്ഷയ്ക്ക് മാതൃഭാഷ പരിജ്ഞാനം, ഉപന്യാസം ഇവ ഉൾപ്പെട്ട മെയിൻ സമ്പ്രദായം പുനഃസ്ഥാപിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലെയുള്ള തസ്തികകളിൽ ജോലിയുടെ ഭാഗമായി വിവർത്തനം, മലയാള ഭാഷാ പരിജ്ഞാനം, ഇംഗ്ലീഷ് പ്രാവീണ്യം ഇവ ആവശ്യമുള്ളതാണെന്ന് പി.എസ്.സി.-യെ നിയമപരമായി അറിയിക്കുമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികകളുടെ പ്രാധാന്യം കണക്കിലെടുത്ത് മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള അവഗാഹം കൂടി പരിശോധിക്കുന്നതിന്, ടി തസ്തികകളിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിവരണാത്മക പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിന് PSC-Rules of Procedure പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരളാ പബ്ലിക് കമ്മീഷന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

ജനസമ്പർക്ക പരിപാടി

53(23) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിവിധ ജില്ലകളിലായി എത്ര ജനസമ്പർക്ക പരിപാടികൾ നടത്തി;

(ബി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി ചെലവായ തുകയെത്ര; ഓരോന്നിന്റെയും വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെടുന്ന ഒരു അപേക്ഷകൻ എത്ര ദിവസങ്ങൾക്ക് മുമ്പ്, ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്;

(ഡി) ചികിത്സാ സഹായത്തിനായി തുക അനുവദിക്കുന്നതിനുള്ള അർഹതയും തുകയും നിശ്ചയിച്ചിരുന്നതാരാണ്; മാനദണ്ഡം എന്താണ്;

(ഇ) ജനസമ്പർക്ക പരിപാടികൾ വഴി ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടിരുന്നതിൽ കുടിശ്ശിക നൽകുവാനുള്ള തുകയെത്ര;

(എഫ്) അപേക്ഷ സമർപ്പിക്കുന്നതു മുതൽ പരിഗണിക്കുന്നതുവരെയുള്ള നടപടിക്രമം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ജി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

ഉത്തരം

(എ) 2011, 2013, 2015 വർഷങ്ങളിലായി 14 ജില്ലകളിലും മൂന്നു തവണ വീതം ജനസമ്പർക്ക പരിപാടികൾ നടത്തി.

GPM. 2/237/2020-70

LIBRARY ARCHIVES Kerala Legislative Assembly